(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി പഞ്ചായത്തിൽ വ്യവസായ പാർക്ക് തുടങ്ങാനുള്ള നടപടികൾ എത്രത്തോളം എത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപത് നിയോജക മണ്ഡലങ്ങളിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവയിൽ കഴക്കൂട്ടം മണ്ഡലത്തിലെ വ്യവസായ പാർക്ക് വ്യവസായ സംരംഭകർക്ക് ലഭ്യമാക്കിക്കഴിഞ്ഞു.

(ബി) ഷൊർണ്ണൂർ, അങ്കമാലി, തിരുവല്ല, തൃശ്ശൂർ, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, ചാത്തന്നൂർ, കഴക്കൂട്ടം എന്നിവയാണ് ഒൻപതു പാർക്കുകൾ.

(സി) മൂടാടി ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്കിന് 4 ഏക്കർ സ്ഥലം കൈമാറാൻ തയ്യാറാണെന്ന് മൂടാടി ഗ്രാമ പഞ്ചായത്തു ഭരണസമിതിയുടെ തീരുമാനം അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ വില നിർണ്ണയിച്ചു കഴിഞ്ഞാൽ സ്ഥലം വാങ്ങി സിഡ്കോയ്ക്ക് കൈമാറാമെന്നും പഞ്ചായത്ത് സെക്രട്ടറി സിഡ്കോയെ അറിയിച്ചിട്ടുണ്ട്.

256 (1435) **പത്തനംതിട്ട ജില്ലയിൽ ഗ്രോത്ത് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്;

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഏതൊക്കെയാണ്;

(സി) പത്തനംതിട്ട ജില്ലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഇതുവരെ കഴിയാതിരുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലയിലുള്ള എസ്റ്റേറ്റുകളിലെ സ്ഥലംകൂടി ഏറ്റെടുത്ത് ഒരു ഗ്രോത്ത് സെന്റർ പത്തനംതിട്ട ജില്ലയിൽകൂടി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മന്നം ഷുഗർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് എന്നിവ. മന്നം ഷുഗർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ ഇപ്പോൾ പ്രവർത്തനമൊന്നും ഇല്ല.

(ബി) ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) (എ) യിൽ പറയുന്ന സ്ഥാപനങ്ങൾക്കുപുറമേ കെ.എസ്.ഐ. ഡി.സി യുടെ സഹായത്തോടെ താഴെപ്പറയുന്ന യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു.

1) കോശീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ്

2) ഇൻഡസ്ട്രിയൽ അക്യുമിലേറ്റേഴ്സ് ലിമിറ്റഡ്

3) ശ്രീ. ശ്രീനിവാസ് വീറ്റ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡം.

4) യുണൈറ്റഡ് വീനേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്)

5) വുഡ് സിസ്റ്റംസ് (ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്.

6) വീനേഴ്സ് ആന്റ് ലാമിനേഷൻസ് (ഇന്ത്യ) ലിമിറ്റഡ്.

(ഡി) ഗ്രോത്ത് സെന്ററിന് കുറഞ്ഞത് 250 ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. ഇത്രയും സ്ഥലം ലഭ്യമല്ലാത്തതിനാൽ പത്തനംതിട്ടയിൽ ഗ്രോത്ത് സെന്റർ ആരംഭിക്കാനുള്ള നടപടി ഉപേക്ഷിച്ചു. വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ പുതുതായി സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ആ സ്കീം തന്നെ കേന്ദ്രഗവൺമെന്റ് നിർത്തിവച്ചു. പുതുതായി ഒരു പൊതുമേഖലാ സ്ഥാപനവും തുടങ്ങാൻ സർക്കാരിന് ഇപ്പോൾ പരിപാടിയില്ല.

**257 (1436) കുന്നത്തുനാട്ടിൽ റബ്ബർ പാർക്ക്**

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്ടിൽ റബ്ബർ പാർക്ക് വ്യവസായം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രവർത്തനം തുടങ്ങിയിട്ട് രണ്ടു വർഷമായിട്ടും ഇതുവരെയും ഭൂമി ഏറ്റെടുക്കൽ നടപടി ഒരു ഘട്ടത്തിലും എത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് പറയുമോ;

(ഡി) ഇതിന്റെ ഭാഗമായി പ്രാഥമിക നടപടിയായി നോട്ടീസ് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സമീപത്തുള്ള പാവപ്പെട്ടവരായ ഭൂഉടമകൾക്കുണ്ടായിട്ടുള്ള ഭയാശങ്ക ദൂരീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏറ്റെടുത്ത 59 ഏക്കറിൽ 42 ഏക്കർ ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഭൂമി നിരപ്പാക്കൽ, റോഡ് കെട്ടിടനിർമ്മാണം ജലവിതരണം എന്നീ പണികൾ വളരെ വേഗത്തിൽ നടന്നുവരുന്നു. 2000 ആഗസ്റ്റിനു മുമ്പ് പണി തീരുമെന്നാണ് പ്രതീക്ഷ. ആകെയുള്ള 110 ഏക്കറിൽ ഇനി ഏറ്റെടുക്കാനുള്ള 50 ഏക്കറോളം ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് അവിടെയും പണി ആരംഭിക്കുന്നതാണ്.

(ബി) ഭൂമിയുടെ വിശദമായ വില നിർണ്ണയം പൂർത്തിയാക്കിക്കഴിഞ്ഞു. ഭൂവുടമകളുടെ പരാതികൂടി കേട്ടശേഷം അന്തിമവില നിശ്ചയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly